<u>**15 -ാം കേരള നിയമസഭ**</u>

<u>**14 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 676**</u> <u>**17-09-2025 - ൽ മറുപടിയ്ക്ക്**</u>

<u>**കയർ ഉല്പാദനത്തിലെ വൈവിധ്യവൽക്കരണം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കയർ ഉല്പാദനത്തിൽ വൈവിധ്യവൽക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ; | (എ) | ഈ സർക്കാർ കയർ ഉൽപ്പന്ന മേഖലകളിലെ വൈവിധ്യവത്ക്കരണത്തിനായി പ്രത്യേകം പദ്ധതി തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ഇന്ത്യയിലെ തന്നെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളും ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടുകളും ചേർന്നാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനുള്ള പരിശീലനം നൽകുന്നതിനു മുന്നോടിയായി കയർമേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ എക്സ്പോർട്ടർമാർ, കയർ തൊഴിലാളികൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്നിവയുടെ പ്രതിനിധികൾ ഒത്തുചേർന്ന് പരിശീലന പരിപാടിയുടെ കരിക്കുലം തയ്യാറാക്കി. ഇതിന്റെ ഭാഗമായി പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, ഭോപ്പാലുമായി ചേർന്ന് ഒരു Product Research and Design Centre കയർ കോർപ്പറേഷനിൽ ആരംഭിച്ചു. ആദ്യഘട്ടമായി 465 പേർക്ക് ദിവസം 600 രൂപ സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകിക്കഴിഞ്ഞു.<br><br>പരിശീലനം ലഭിച്ച തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു കയർ ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് എന്ന നിലയിൽ കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ പിന്തുണയോടു കൂടി ALLEPPEY SMALL SCALE COIR WORKERS CO-OPERATIVE SOCIETY Ltd NO A 1440 എന്ന സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം കയർ തൊഴിലാളികളുടെ സംരംഭക സാധ്യത പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് കയർ കോർപറേഷൻ വഴി ധനസഹായം നൽകുന്ന മറ്റൊരു പദ്ധതി കൂടി പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | | | NCRMI വഴി ഇക്കോ -കയർ ബാഗുകൾ, പീറ്റ് കോൾ ഡോട്സ്, ടെൻഡർ കോക്കനട്ട് ക്രഷർ എന്നീ നൂതന ഉത്പന്നങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഗവേഷണ ഉത്പന്നങ്ങളുടെ ഉല്പാദന വിപണനത്തിനുള്ള സാങ്കേതിക വിദ്യ വ്യാവസായിക അടിസ്ഥാനത്തിൽ കൈമാറുകയും ചെയ്തു. കയർ രംഗത്തെ സ്ഥാപനങ്ങൾക്കൊപ്പം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംഘങ്ങളും ഈ സാങ്കേതിക വിദ്യയുടെ ഗുണഭോക്താക്കളായി മാറിയിട്ടുണ്ട്. ഇതോടൊപ്പം കയർ ഡിവൈഡർ, എയർ ഫ്രഷ്നെർ, കോകോ നർച്ചർ, റണ്ണേജ് മീറ്റർ എന്നിവ വികസിപ്പിക്കുകയുണ്ടായി. പ്രശസ്ത കോർപ്പറേറ്റ് സ്ഥാപനമായ ഏണസ്റ്റ് & യങ്ങുമായി സഹകരിച്ച് NCRMI യുടെ ഗവേഷണ ഉൽപ്പന്നമായ കയർ ഗ്രോ ബാഗ് നിർമിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ഏണസ്റ്റ് & യങ് - ലെ 2000 ഉദ്യോഗസ്ഥർക്ക് നൽകുകയുണ്ടായി. അതോടൊപ്പം അവർ നിർമിക്കുന്ന ഉത്പന്നങ്ങൾ CSR ഫണ്ട് വഴി മാർക്കറ്റ് ചെയ്യുന്നതിനുള്ള പ്രൊജക്റ്റ് NCRMI ആരംഭിച്ചു കഴിഞ്ഞു. കയർ തൊഴിലാളികൾക്ക് വേണ്ടി ഇലക്ട്രോണിക് റാട്ടുകളിലും, ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനുകളിലും, ഫ്രെയിം മാറ്റുകളിലും NCRMI പരിശീലനം നൽകി വരുന്നു. |
| (ബി) | പരമ്പരാഗത കയർ ഉൽപ്പാദകരെ ആകർഷിക്കുവാൻ ഈ പദ്ധതികൾക്ക് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | പരമ്പരാഗത രീതിയിലുള്ള ഉൽപ്പാദനം തൊഴിലാളികൾക്ക് കൂടുതൽ അധ്വാനം ഉള്ളതും പ്രവർത്തന ക്ഷമത കുറഞ്ഞതുമാണ്. ഈ പ്രശ്നത്തെ പരിഹരിക്കുന്നതിന് ASM മെഷീനുകളും ഇ-റാട്ടുകളും ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. മെഷീനുകൾക്കു കാലാകാലങ്ങളിൽ ഉണ്ടാകുന്ന ന്യൂനതകൾ മെഷീനറി കമ്പനിയുടെ സഹായത്തോടെ സർക്കാർ ഫണ്ട് നൽകി പരിഹരിച്ചു വരുന്നു. ഉൽപ്പന്നങ്ങളിലെ വൈവിദ്ധ്യം തൊഴിലാളികൾക്ക് കൂടുതൽ ഉൽപ്പാദനക്ഷമത നൽകുകയും അവരുടെ ജോലി അനായാസമാക്കുകയും ചെയ്യുന്നു. ഇപ്രകാരം യുവതലമുറയെ ഈ മേഖലയിലേക്ക് കൂടുതൽ ആകർഷിക്കുവാൻ സാധിക്കുന്നുണ്ട്. ഉൽപ്പന്ന വൈവിധ്യത്തിന്റെ ഭാഗമായി പുതിയ തലമുറയിലെ 465 തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകുകയും അവരെ ഉൾപ്പെടുത്തി ഒരു കയർ ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ പിന്തുണയോടു കൂടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ